നമ്പർ 3760/98/തൊഴിൽ പ്രകാരം 36 ലക്ഷം രൂപയുടെ സാധനസംഭരണത്തിനായും അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ടി ഉത്തരവ് അനുസരിച്ച് താഴെപറയുന്ന സാധനസംഭരണം നടത്തിയിട്ടുണ്ട്.

സ്റ്റെനോഗ്രാഫി ട്രേഡിൽ 10 ഹിന്ദി ടൈപ്പ്റൈറ്ററുകൾ വാങ്ങിയിട്ടുണ്ട്. 2 ഡീസൽ എഞ്ചിനുകളും, 3 എയർ കണ്ടീഷനറുകളും ഡീസൽ മെക്കാനിക്, കമ്പ്യൂട്ടർ ട്രേഡുകളിലേക്ക് വാങ്ങി നൽകിയിട്ടുണ്ട്. കെൽട്രോണിൽനിന്നും 2,20,649/- രൂപയുടെ ഇലക്ട്രോണിക് സാധനങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. 4,72,834/- രൂപക്ക് കമ്പ്യൂട്ടറുകൾ കെൽട്രോണിൽനിന്നും വാങ്ങുന്നതിനും, 1,68,091/- രൂപയുടെ ഫർണിച്ചർ വാങ്ങുന്നതിനും വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്.

**155 (781) കൊയിലാണ്ടി മിനി സ്റ്റേഡിയം പണി**

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മിനിസ്റ്റേഡിയം പണി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; പ്രസ്തുത പണിക്ക് എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്;

(ബി) മിനി സ്റ്റേഡിയത്തിന്റെ അംഗീകരിച്ച പദ്ധതി പൂർത്തിയാക്കാൻ ഇനിയും സർക്കാർ സാമ്പത്തിക സഹായം നൽകുമോ;

(സി) സ്പോർട്ട്സ് വകുപ്പ് പ്രസ്തുത പദ്ധതിക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിക്കുമോ എന്നു അറിയിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മിനി സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചത് 1999 മാർച്ച് മാസത്തിലാണ്. പ്രാഥമിക ഘട്ടങ്ങൾ പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നതേയുള്ളൂ. 2000-ൽ പണി പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിലേക്കായി 52 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി)&(സി) ഇതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ നിലവിലില്ല.

**156 (782) അഴീക്കൽ തുറമുഖ വികസനം**

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിൽ അഴീക്കൽ തുറമുഖ വികസനത്തിന് സർക്കാർ കൈക്കൊണ്ട പ്രായോഗിക നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly

(എ)&(ബി) അഴീക്കൽ തുറമുഖത്ത് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. ഓഫീസ് പ്രവർത്തനം ഉടനെ ആരംഭിക്കുന്നതാണ്. തുറമുഖത്ത് ഇപ്പോൾ 42.67 മീറ്റർ കോൺക്രീറ്റ് വാർഫും, കൈകൊണ്ട് പ്രവർത്തിപ്പിക്കുന്ന ഒരു ക്രയിനും ഉണ്ട്. 200 എച്ച്.പി.ടഗ്ഗിന്റെ നിർമ്മാണം പൂർത്തിയായിവരുന്നു. പുലിമുട്ടുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. അഴീക്കൽ ഭാഗത്തെ പുലിമുട്ട് പൂർണ്ണമായും മാട്ടൂൾ ഭാഗത്തേത് ഭാഗികമായും പണികൾ തീർന്നിട്ടുണ്ട്. മാട്ടൂൾ ഭാഗത്തെ പുലിമുട്ടിന്റെ നിർമ്മാണത്തിനാവശ്യമായ കരിങ്കല്ല് കൊണ്ടുവരുന്ന രായന്തളി പാറമടയുടെ പ്രവർത്തനം തലശ്ശേരി സബ്ഡിവിഷനിൽ മജിസ്ട്രേറ്റ് നിരോധിച്ചിട്ടുള്ളതിനാൽ പണിനിറുത്തിവച്ചിരിക്കുകയാണ്. മാട്ടൂൾ ഭാഗത്തെ പുലിമുട്ടിന്റെ അവശേഷിക്കുന്ന പണികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**157 (783) അഴീക്കൽ പോർട്ട് ഓഫീസിന്റെ പ്രവർത്തനം**

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ പോർട്ട് ഓഫീസിന്റെ പുതിയ കെട്ടിടം പൂർത്തിയായിട്ടും പ്രവർത്തനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) പ്രവർത്തനം ആരംഭിക്കുന്നതിനുള്ള പ്രായോഗിക വൈഷമ്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പോർട്ട് ഓഫീസിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) നടപടി സ്വീകരിച്ചു വരുന്നു.

*(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)*

# II. ശ്രദ്ധക്ഷണിക്കൽ

**1. കെ.എസ്.ആർ.ടി.സി. ജീവനക്കാർ നേരിടുന്നതായി പറയപ്പെടുന്ന പ്രശ്നങ്ങൾ**

9.30 am ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, നമ്മുടെ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകളും, പ്രയാസങ്ങളും കോർപ്പറേഷനും ഗവൺമെന്റുമായി ഉണ്ടാക്കിയ കരാറിനുശേഷവും അവർ അനുഭവിക്കുന്ന അവഗണനയുമാണ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. കെ.എസ്.ആർ.ടി.സി.യിൽ 1-2-1994-ൽ കാലാവധി അവസാനിച്ച കരാർ 13-4-99-ൽ ഒപ്പുവച്ചു. പഴയ

LIBRARY ARCHIVES Kerala Legislative Assembly